പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4392

26-06-2014- ൽ മറുപടിയ്ക്ക്

# സയൻസ് സിറ്റി

ചോദ്യം

ശ്രീ.എം.പി.വിൻസെന്റ് :
ശ്രീ.സണ്ണി ജോസഫ് :
ശ്രീ.ഐ.സി.ബാലകൃഷ്ണൻ :
ശ്രീ.ജോസഫ് വാഴക്കൻ :

ഉത്തരം

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് സയൻസ് സിറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കുറവിലങ്ങാട് കേന്ദ്രമായി കൃഷി വകുപ്പ് അനുവദിച്ച 30 ഏക്കർ സ്ഥലത്താണ് സയൻസ് സിറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കോട്ടയത്ത് ശാസ്ത്ര നഗരി യാഥാർത്ഥ്യമാകുന്നതോടെ ശാസ്ത്ര വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രാധിഷ്ഠിത വിനോദത്തിന്റെയും ഏഷ്യയിലെ ഏറ്റവും വലിയ കേന്ദ്രമായി കോട്ടയം മാറുന്നതാണ്. ശാസ്ത്ര പ്രതിഭകൾ, ഗവേഷകർ തുടങ്ങിയവർ പങ്കെടുക്കുന്ന ചർച്ചകളും സെമിനാറുകളും ഈ നഗരിയെ ശാസ്ത്രാന്വേഷികളുടെ ഒരു സംഗമ കേന്ദ്രമാക്കി മാറ്റും. ശാസ്ത്ര വിദ്യാഭ്യാസം, ടൂറിസം, തൊഴിൽ മേഖലകളിൽ സംസ്ഥാനത്തിന്റെ വളർച്ചക്കും വികസനത്തിനും ഇത് വഴിയൊരുക്കും. |

| | |
|---|---|
| സി) ഇതിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | സി) കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ വരുന്ന നാഷണൽ കൌൺസിൽ ഓഫ് സയൻസ് മ്യൂസിയവും സംസ്ഥാന ഗവൺമെന്റിന് കീഴിൽ വരുന്ന കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയവും സംയുക്തമായിട്ടാണ് ഇത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കേന്ദ്രസർക്കാരും, സംസ്ഥാന സർക്കാരും കൂടിചേർന്ന് 14.5 കോടി രൂപ (7.25 കോടി വീതം) ചിലവഴിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാന സർക്കാരിന്റെ വിഹിതമായ 7.25 കോടി രൂപ നാഷണൽ കൌൺസിൽ ഓഫ് സയൻസ് മ്യൂസിയത്തിന് കൈമാറി കഴിഞ്ഞു. |
| ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) സയൻസ് സിറ്റിക്കുവേണ്ടി സർക്കാർ അനുവദിച്ച 30 ഏക്കർ ഭൂമിയിൽ ചുറ്റുമതിൽ നിർമ്മാണവും മണ്ണ് പരിശോധനയും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ